| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനാറാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.308 | | 08/02/2016 ൽ മറുപടിക്ക് | |
| ക്വിക് വെരിഫിക്കേഷൻ | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.സുരേഷ് കുറുപ്പ്.<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.ജെയിംസ് മാത്യു | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി ) | |
| (എ) | തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവു പ്രകാരം എക്സൈസ് വകുപ്പമന്ത്രി ബാറുടമകളിൽ നിന്ന് കൈക്കൂലി വാങ്ങിയെന്ന ആരോപണത്തിൽ വിജിലൻസ് ക്വിക് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോ; എപ്പോൾ; | (എ) | 2015 ഡിസംബർ മാസം മുതൽ പ്രസ്തുത സത്വരാന്വേഷണം (ക്വിക്ക് വെരിഫിക്കേഷൻ ) നടന്നുവരുന്നു. |
| (ബി) | ഇക്കാര്യത്തിൽ വിജിലൻസ് ഡയറക്ടർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ സംഘമാണ് അന്വേഷണം നടത്തിയത്; പ്രാഥമിക വിവരങ്ങൾ കോടതിയെ അറിയിച്ചത് എപ്പോൾ ; | (ബി) | പ്രസ്തുത സത്വരാന്വേഷണ റിപ്പോർട്ട് (ക്വിക്ക് വെരിഫിക്കേഷൻ ) വിജിലൻസ് ഡയറക്ടർക്ക് ലഭിച്ചിട്ടില്ല. എറണാകുളം മേഖലാ വിജിലൻസ് പോലീസ് സൂപ്രണ്ട് ശ്രീമതി.നിശാന്തിനി. ഐ.പി.എസ്. - ന്റെ നേതൃത്വത്തിൽ അന്വേഷിച്ചു വരുന്ന പ്രസ്തുത അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ച ശേഷം മാത്രമേ കോടതിയിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; | (സി) | ഇല്ല. പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യാനുള്ള തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് ശ്രീ.കെ.ബാബു (ബഹുമാനപ്പെട്ട എക്സൈസ് വകുപ്പ് മന്ത്രി) സമർപ്പിച്ച ഹർജി പരിഗണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി രണ്ടു മാസത്തേയ്ക്ക് സസ്പെന്റ് ചെയ്തിട്ടുണ്ട്. അതു കൂടാതെ, വിജിലൻസ് കോടതികളുടെ ഉത്തരവിൽ തന്നെ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ നിലവിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ അന്വേഷണം ആവശ്യപ്പെട്ടു കൊണ്ടുള്ള ഹർജിയുടെ ഉത്തരവിനു വിധേയമായിരിക്കും എന്ന് എടുത്തു പറഞ്ഞിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ടി കേസിൽ അന്തിമ വാദത്തിനായി നാല് ആഴ്ചയ്ക്കുശേഷം പരിഗണിക്കാമെന്ന് ഉത്തരവായതിനാൽ തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് പ്രകാരം പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യേണ്ടിയിരുന്നില്ല |
| (ഡി) | വിജിലൻസിന്റെ പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിലുള്ള തടസ്സവാദങ്ങൾ തള്ളിക്കൊണ്ടാണോ ക്വിക് വെരിഫിക്കേഷന് വിജിലൻസ് കോടതി ഉത്തരവിട്ടിരുന്നത്; കോടതി വിധി എന്തായിരുന്നു; വിശദമാക്കാമോ; | (ഡി) | അല്ല. പരാതിക്കാരൻ ഹാജരാക്കിയ സി.ഡി.യിലെ ആരോപണങ്ങളിൽ സത്വരാന്വേഷണം (ക്വിക്ക് വെരിഫിക്കേഷൻ ) നടത്താനാണ് ഉത്തരവ്. |
| (ഇ) | എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്ന വിജിലൻസ് കോടതി ഉത്തരവ് നടപ്പിലാക്കാതെ, സ്റ്റേ ചെയ്യാൻ ഹൈക്കോടതിയെ സർക്കാർ സമീപിക്കാനിടയായ സാഹചര്യം എന്തായിരുന്നു; ഇക്കാര്യം സർക്കാർ തീരുമാനിച്ചത് ഏത് തലത്തിലായിരുന്നു; ഹർജിയിൽ സ്റ്റേ ലഭിക്കുകയുണ്ടായോ; | (ഇ) | സർക്കാർ സ്റ്റേ ഉത്തരവിനായി കോടതിയിൽ ഹർജി സമർപ്പിച്ചിട്ടില്ല. ശ്രീ.കെ.ബാബു സമർപ്പിച്ച ഹർജി പരിഗണിച്ച് തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് രണ്ടു മാസത്തേയ്ക്ക് സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (എഫ്) | വിജിലൻസ് കോടതി വിധി പ്രകാരം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിൽ വിജിലൻസ് ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടുണ്ടോ? | (എഫ്) | ഇല്ല. |

സെക്ഷൻ ഓഫീസർ